**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1168** **10-08-2023 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലെ കല്ലുവാതുക്കൽ കുടിവെള്ള പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; | (എ) | **പദ്ധതി പൂർത്തീകരിച്ചു. കല്ലുവാതുക്കൽ, പാരിപ്പള്ളി വില്ലേജുകളിൽ നിലവിലെ വിതരണ ശൃംഖലയിൽ കൂടി ടയൽ അടിസ്ഥാനത്തിൽ ജല വിതരണം നടത്തി വരുന്നു.** |
| (ബി) | പരവൂർ നഗരസഭയിൽ നടപ്പിലാക്കി വരുന്ന കുടിവെള്ള വിതരണ ശൃംഖലയുടെ വിപുലീകരണ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിലെ സ്ഥിതി അറിയിക്കാമോ; | (ബി) | **പരവൂർ നഗരസഭയിൽ അമൃത് -2 പദ്ധതിയുടെ ഭാഗമായിട്ടുള്ള കുടിവെള്ള വിതരണ ശൃംഖല വിപുലീകരണ പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞു. ആകെയുള്ള 36.5 കിലോ മീറ്ററിൽ 7.5 കിലോ മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 4122 ഗാർഹിക കണക്ഷനുകൾ നൽകുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തിക്കായി 13.158 കോടി രൂപയുടെ ഭരണാനുമതി അമൃത് 2.0-യിൽ നൽകിയിട്ടുണ്ട്. എന്നാൽ ടി പദ്ധതി പരവൂർ മുനിസിപ്പാലിറ്റിയിൽ പൂർണതയിൽ എത്തിക്കുന്നതിന് 5.5 കോടി രൂപയുടെ ആവശ്യമുണ്ട്. അതിലേക്കായി വിശദമായ എഞ്ചിനീയറിങ് റിപ്പോർട്ടും DPR ഉം നഗരസഭയിൽ സമർപ്പിച്ചിട്ടുണ്ട്.** |
| (സി) | പരവൂർ നഗരസഭയ്ക്കും പൂതക്കുളം ഗ്രാമപഞ്ചായത്തിനും കുടിവെള്ളം വിതരണം ചെയ്യുന്നതിനായുള്ള പുതിയ കുടിവെള്ള പദ്ധതിയുടെ പ്രാരംഭ നടപടികളുടെ പുരോഗതിയും പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (സി) | **പൂതക്കുളം പഞ്ചായത്തിനും പരവൂർ മുൻസിപ്പാലിറ്റിക്കും വേണ്ടി ഇത്തിക്കര നദി സ്രോതസ്സാക്കി ഒരു പദ്ധതിയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ചാത്തന്നൂർ കുടിവെള്ള പദ്ധതിക്ക് വേണ്ടി നൽകിയ 60 കോടി രൂപയുടെ ഭരണാനുമതി തുകയിലെ മിച്ചം തുക ഉപയോഗപ്പെടുത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി സ്രോതസ്സിന്റെ സാധ്യത പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ശുദ്ധീകരണശാലയ്ക്കും കിണറിനും ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. എഞ്ചിനീയറിംഗ് റിപ്പോർട്ട് KIIFB അംഗീകരിക്കുന്ന** |

| | | | |
|---|---|---|---|
| | | | **മുറയ്ക്ക് സ്ഥലം ഏറ്റെടുപ്പ് ഉൾപ്പെടെയുള്ള തുടർ നടപടികൾ കൈക്കൊള്ളാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ